# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1066 — 06.06.2018 -ലെ മറുപടി

**ഭൂഗർഭജല സംരക്ഷണം**

**ചോദ്യം**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരളത്തിലെ 80% കിണർ ജലവും മലിനമാണെന്ന പരിസ്ഥിതി ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച ശുദ്ധജല സംരക്ഷണ നടപടികൾ എന്തൊക്കെയാണ്; | എ) | പരിസ്ഥിതി ധവള പത്രം ജലവിഭവ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ പൊതുജനങ്ങൾക്ക് ജലഗുണ നിലവാരത്തെ കുറിച്ചുള്ള അവബോധ ക്ലാസ്സുകൾ എല്ലാ ജില്ലകളിലും വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പൊതുജനങ്ങൾക്ക് ജലഗുണനിലവാര പരിശോധന നടത്തുവാനുള്ള സൗകര്യമുണ്ട്. അതുമായി ബന്ധപ്പെട്ട പരിഹാര മാർഗ്ഗങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിർദ്ദേശിച്ച് വരുന്നുണ്ട്. |
| ബി) | സംസ്ഥാനത്ത് ഒട്ടനവധി കുടുംബങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നവരായതിനാൽ ഇത്തരത്തിൽ ജലം മലിനപ്പെടുത്തുന്നത് പൊതുജനാരോഗ്യത്തിന് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ, | ബി) | ഉണ്ട്. |
| സി) | എങ്കിൽ ഭൂഗർഭജല സംരക്ഷണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ? | സി) | ജലഗുണനിലവാരം, വിനിയോഗം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ ജില്ലകളിൽ ഭൂഗർഭജല സംരക്ഷണത്തിനായി വകുപ്പ് സംഘടിപ്പിച്ച് വരുന്നു. കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി ഭൂജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള നടപടികൾ 'ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും' പദ്ധതിയിൽ വകുപ്പ് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**